# കേരള സർക്കാർ

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കണ്ണൂർ ജില്ല – HIV ബാധിതരായ 340 ഗുണഭോക്താക്കൾക്ക് ധനസഹായം ലഭ്യമാക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 20,40,000/- രൂപ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്**

സ.ഉ. (സാധാ) നം. **1055/2022/റവ.** തിരുവനന്തപുരം, തീയതി, 11.03.2022.

==========================================================================

പരാമർശം:- 1. 16.10.2020-ലെ സ.ഉ. (സാധാ) നം. 3170/2021/റ.വ., നമ്പർ ഉത്തരവ്
2. കണ്ണൂർ ജില്ലാ കളക്ടറുടെ 03.12.2021-ലെ DCKNR/8452/2020-M2 നമ്പർ ഉത്തരവ്.

## ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എച്ച്.ഐ.വി. ബാധിതരായ രോഗികൾക്ക് ഓരോ ആറ് മാസം കൂടുന്തോറും 6,000/- രൂപ വീതം അനുവദിക്കുവാൻ ഉത്തരവായിരുന്നു. കണ്ണൂർ ജില്ലയിലെ HIV ബാധിതരായ 340 ഗുണഭോക്താക്കൾക്ക് 6,000/- രൂപ വീതം അനുവദിക്കുന്നതിന് ആകെ 20,40,000/- രൂപ (ഇരുപത് ലക്ഷത്തി നാൽപ്പതിനായിരം രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (2) കത്ത് പ്രകാരം കണ്ണൂർ ജില്ലാകളക്ടർ അഭ്യർത്ഥിച്ചു.

2. ഈ സാഹചര്യത്തിൽ കണ്ണൂർ ജില്ലയിലെ HIV ബാധിതരായ 340 ഗുണഭോക്താക്കൾക്ക് 6,000/- രൂപ വീതം അനുവദിക്കുന്നതിന് ആകെ 20,40,000/- രൂപ (ഇരുപത് ലക്ഷത്തി നാൽപ്പതിനായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. വിതരണത്തിനാവശ്യമായി വരുന്ന തുകയായ 20,40,000/- രൂപ (ഇരുപത് ലക്ഷത്തി നാൽപ്പതിനായിരം രൂപ മാത്രം) ***"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"*** എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും കണ്ണൂർ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാകളക്ടർ ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്ത് ആയത് സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഷീല. എം.**
ഡെപ്യൂട്ടി സെക്രട്ടറി.

ജില്ലാ കളക്ടർ, കണ്ണൂർ

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ജില്ലാ ട്രഷറി ഓഫീസർ, കണ്ണൂർ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Bindumol K N

സെക്ഷൻ ഓഫീസർ.